compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ജനുവരി 21
**Tuesday, 21st January 2025**

**1200 മകരം 8**
**8th Makaram 1200**

**1946 മാഘം 1**
**1st Magha 1946**

**വാല്യം 14**
**Vol. XIV**

**നമ്പർ / No. 3**

## Part III

## Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം
## (ഹാജർ : ശിവകുമാർ കെ എസ് )

DICKLM/897/2021-K16 തീയതി :09.12.2024

വിഷയം : കൈത്തറി-നാഷണൽ വാർപ്പിംഗ് ആന്റ് സൈസിംഗ് ICS ലി.നം. SR1 സംഘത്തിൽ വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്

സൂചന 1 .07/10/1994 തീയതിയിലെ ജനറൽ മാരേജരുടെ Q11/7199/91 നമ്പർ നടപടിക്രമം

2 .04/04/2013 തീയതിയിലെ ജനറൽ മാനേജരുടെ K16/6915/2011 നമ്പർ നടപടിക്രമം

3.01/07/2021 തീയതിയിലെ ജനറൽ മാനേജരുടെ DICKLM/8520/2019-K14 നമ്പർ നടപടിക്രമം

4 .18.06.2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം

നാഷണൽ വാർപ്പിംഗ് ആന്റ് സൈസിംഗ് ICS ലി.നം. SR1 സംഘം കേരള സഹകരണ നിയമം 1969 സെക്ഷൻ 71(1) പ്രകാരം സമാപ്തീകരണത്തിന് പരാമർശം( 1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പരാമർശം (2),(3),(4) എന്നിവ പ്രകാരം ടി ഉത്തരവ് പുനഃക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പരാമർശം (4) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ചിരുന്ന ശ്രീ.തോമസ്.എൻ സ്ഥലം മാറി പോയ സാഹചര്യത്തിൽ നിലവിലെ മയ്യനാട് കൈത്തറി സൂപ്പർവൈസറായ ശ്രീമതി. റാണി.എൻ.എസ് നെ ലിക്വിഡേറ്ററായി നിയമിക്കേണ്ടതുണ്ട് അതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**<u>ഉത്തരവ്</u>**

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം മയ്യനാട് കൈത്തറി സൂപ്പർവൈസറായ ശ്രീമതി.റാണി.എൻ.എസ് നെ നാഷണൽ വാർപ്പിംഗ് ആന്റ് സൈസിംഗ് ICS ലി.നം. SR1 ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിൽ നിന്നും പ്രതിഫലം കൈപ്പറ്റാവുന്നതല്ല. ലിക്വിഡേറ്റർ ടി നിയമം ചട്ടം 69,70 എന്നിവ പ്രകാരം സമയബന്ധിതമായി ലിക്വിഡേറ്ററായി ചാർജ്ജ് എടുത്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ നടപടിക്രമം പാലിച്ച് സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ചട്ടം 69(4) പ്രകാരം സമാപ്തീകരണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് രജിസ്ട്രാർ മുൻപാകെ സമർപ്പിക്കേണ്ടതാണ്. കേരള സഹകരണ സംഘം നിയമം ചട്ടം 69(1) പ്രകാരം നിയമന ഉത്തരവ് കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്

ജനറൽ മാനേജർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**
**(ഹാജർ : ശിവകുമാർ.കെ.എസ്)**

DICKLM/1727/2024-K16 തീയതി: 26.11.2024

വിഷയം:- വ്യവസായം - കൈത്തറി- നെടുവത്തൂർ HWICS Ltd No. H12 - ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 01/07/2021 തീയതിയിലെ ജനറൽ മാനേജരുടെ DICKLM/8520/2019-K14 നമ്പർ നടപടിക്രമം.

മേൽ പരാമർശ പ്രകാരം നെടുവത്തൂർ HWICS Ltd. No. H12 ൽ ലിക്വഡേറ്ററെ നിയമിച്ചിട്ടുള്ളതാണ്. എന്നാൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാ ത്തതിനാൽ സമാപ്തീകരണ കാലാവധി ദീർഘിപ്പിച്ചു കൊണ്ടും ലിക്വിഡേറ്ററിനെ നിയമിച്ചുകൊണ്ടും ഉത്തരവാകേണ്ടതുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

നെടുവത്തൂർ HWICS Ltd No H12 ൽ സമാപ്തീകരണ നടപടികൾ നടത്തുന്നതിന് 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററായി കൊട്ടാരക്കര കൈത്തറി സൂപ്പർവൈസർ ആയ ശ്രീമതി. കല.എം.ജെ യെ നിയമിച്ചും സമാപ്തീകരണ കാലാവധി ദീർഘിപ്പിച്ചും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിൽ നിന്നും പ്രതിഫലം കൈപ്പറ്റാവുന്നതല്ല. ലിക്വിഡേറ്റർ ടി നിയമം ചട്ടം 69, 70 എന്നിവ പ്രകാരം സമയബന്ധിതമായി നടപടിക്രമം പാലിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ചട്ടം 69(4) പ്രകാരം സമാപ്തീകരണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കേരള സഹകരണ സംഘം നിയമം ചട്ടം 69(1) പ്രകാരം നിയമന ഉത്തരവ് കേരള ഗസ്സറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഒപ്പ്**
**ജനറൽ മാനേജർ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം
(ഹാജർ : കെ.എസ്.ശിവകുമാർ )

DICKLM/657/2021-K16 തീയതി :03.12.2024

| | | |
|---|---|---|
| വിഷയം | : | വ്യവസായം – കൈത്തറി–പവിത്രേശ്വരം HWICS Ltd No H55 സംഘത്തിൽ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരണം ചെയ്യുന്നതിനും വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നതും –സംബന്ധിച്ച് |
| സൂചന | : | ശ്രീ.ജോസ്. എം, സീനിയർ സഹകരണ ഇൻസ്പെക്ടറുടെ (ആസ്ഥാനം) 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് |

കൊല്ലം ജില്ലയിലെ ഒരു പ്രാഥമിക കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘമായ പവിത്രേശ്വരം HWICS Ltd No H55 സംഘം കൊട്ടാരക്കര താലൂക്ക് ആസ്ഥാനമാക്കി 08.10.1955 ൽ രജിസ്റ്റർ ചെയ്ത് 21.10.1955 ൽ പ്രവർത്തനം ആരംഭിച്ചു. 17.07.2017 മുതൽ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ്. സംഘത്തിന്റെ നിലവിലെ അവസ്ഥയിൽ സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം തുടരുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല. കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സംഘം സമാപ്തീകരണം ചെയ്യുന്നതായിരിക്കും ഉചിതമെന്ന് പരാമർശത്തിലൂടെ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. ടി സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കേണ്ടത് ഉചിതമാണെന്ന് മനസ്സിലാക്കുന്നു. അതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

1969–ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം പവിത്രേശ്വരം HWICS Ltd No H55 സംഘത്തെ സമാപ്തീകരണം ചെയ്യുന്നതിനും, വകുപ്പ് 72(1) പ്രകാരം കൊട്ടാരക്കര കൈത്തറി സൂപ്പർവൈസറായ ശ്രീമതി.കല.എം.ജെ യെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചും ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിൽ നിന്നും പ്രതിഫലം കൈപ്പറ്റാവുന്നതല്ല. ലിക്വിഡേറ്റർ ടി നിയമം ചട്ടം 69,70 എന്നിവ പ്രകാരം സമയബന്ധിതമായി നടപടിക്രമം പാലിച്ച് സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ചട്ടം 69(4) പ്രകാരം സമാപ്തീകരണം സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് രജിസ്ട്രാർ മുൻപാകെ സമർപ്പിക്കേണ്ടതാണ്. കേരള സഹകരണ സംഘം നിയമം ചട്ടം 69(1) പ്രകാരം നിയമന ഉത്തരവ് കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒപ്പ്

ജനറൽ മാനേജർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ലേലപ്പരസ്യം

**നമ്പർ :JCI/02/2025** **തീയതി: 15/01/2025.**

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡ് നം. 08 വ്യവസായ വകുപ്പ് തിരിച്ചെടുത്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മഹസ്സർ പ്രകാരമുള്ള സാധന സാമഗ്രികൾ ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി സെയിൽ ഓഫീസറെ നിയമിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ ചുവടെ പട്ടികയിൽ പറയുന്ന സാധന സാമഗ്രികൾ 2025 ഫെബ്രുവരി മാസം 18–ാം തീയതി ചൊവ്വാഴ്ച പകൽ 11.30 മണിക്ക് ഉടുമ്പന്നൂർ മിനി വ്യവസായ എസ്റ്റേറ്റിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വൽപ്പന നടത്തുന്നതിന് സെയിൽ ഓഫീസർ തീരുമാനിച്ചിരിക്കുന്ന 14,535/- രൂപ വില നിർണ്ണയം നടത്തിയിട്ടുള്ള ചുവടെ പട്ടികയിൽ വിവരിക്കുന്ന സാമഗ്രികൾ ലേലം കൊള്ളുന്നതിന് താത്പര്യമുള്ളവർക്ക് 18/02/2025 തീയതി രാവലെ 11.30 -ന് നേരിട്ട് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

| ക്രമ നം. | ഇന വിവരം | എണ്ണം |
|---|---|---|
| 1 | പ്ലാസ്റ്റിക് കസേര | 2 |
| 2 | അലുമിനിയം കസേര | 4 |
| 3 | സ്റ്റീൽ അലമാര | 1 |
| 4 | സ്റ്റീൽ ടേബിൾ | 2 |
| 5 | വർക്കിംഗ് ടേബിൾ (6 മീറ്റർ) | 1 |
| 6 | വർക്കിംഗ് ടേബിൾ (4 മീറ്റർ) | 1 |
| 7 | വർക്കിംഗ് ടേബിൾ (3 മീറ്റർ) | 2 |
| 8 | വർക്കിംഗ് ടേബിൾ (വീതി കുറഞ്ഞത്) | 3 |
| 9 | 2 പാളി ജനൽ കട്ടിള (സിമന്റ്) | 4 |
| 10 | 3 പാളി ജനൽ കട്ടിള (സിമന്റ്) | 11 |
| 11 | സിമന്റ് കട്ടിള | 7 |
| 12 | സിമന്റ് കട്ട | 220 |
| 13 | പി.വി.സി. ബാരൽ | 1 |
| 14 | ഒരു പാളി വെന്റിലേഷൻ | 33 |
| 15 | രണ്ട് പാളി വെന്റിലേഷൻ | 13 |
| 16 | ഗ്രീസ് പാഡ് | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നിബന്ധനകൾ**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിന് മുമ്പ് 1,000/- രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതുണ്ട്. ലേലദിവസം പൊതു അവധിയായി വന്നാലോ, മറ്റേതെങ്കിലും കാരണത്താലോ ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ലേലം അടുത്ത പ്രവർത്തി ദിവസം പ്രസ്തുത സ്ഥലത്തും സമയത്തും വച്ച് നടത്തുന്നതായിരിക്കും.
2. ലേലത്തിൽ പങ്കെടുക്കാവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി സാധന സാമഗ്രികൾ കണ്ട് ബോധ്യപ്പെടേണ്ടതാണ്. അവ സംബന്ധിച്ച യാതൊരു പരാതികളും ലേലത്തിന് ശേഷം പരിഗണിക്കുന്നതല്ല.
3. ലേലം കൊള്ളുന്ന ആൾ മൊത്തം ലേല തുകയുടെ 25% ലേലം കഴിഞ്ഞാലുടൻ സെയിൽ ഓഫീസർ പക്കം ഒടുക്കേണ്ടതാണ്. ബാക്കി തുക 7 പ്രവർത്തി ദിവസത്തിനകം സെയിൽ ഓഫീസർ പക്കം ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വിഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ലേല വസ്തുകൾ ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
4. ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത പട്ടികയിൽ സൂചിപ്പിച്ച സാധന സാമഗ്രികൾ മാത്രം അവകാശമുള്ളതും മറ്റു യാതൊന്നിനും അവകാശമില്ലാത്തതും ആകുന്നു.
5. വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ജി.എസ്.റ്റി, ഇൻകം ടാക്സ് റൂൾ 260 (സി) പ്രകാരമുള്ള TDS എന്നിവ അടവാക്കേണ്ടതാണ്.
6. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം സാധന സാമഗ്രികൾ സ്ഥലത്തു നിന്ന് നീക്കം ചെയ്യേണ്ടതാണ്.
7. ലേലം സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.
8. ഏറ്റവും കൂടിയ തുക വിളിച്ച വ്യക്തി ലേല നിബന്ധന പ്രകാരമുള്ള തുക അടയ്ക്കാത്ത പക്ഷം തൊട്ടടുത്ത വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്.
9. സാധന സാമഗ്രികൾ കൊണ്ടുപോകാനുള്ള ഗതാഗതം, കയറ്റിറക്ക് തുടങ്ങിയ എല്ലാ സംവിധാനങ്ങളും ലേലം സ്ഥിരീകരിച്ച വ്യക്തിയിൽ നിക്ഷിപ്തമാണ്.
10. ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. പ്രസ്തുത തുകയിൽ നിന്നും താഴെ ലേലം വിളിച്ചാൽ ലേലം അസ്ഥിരപ്പെടുന്നതാണ്.
11. മേല്പറഞ്ഞ പൊതുലേലം സ്ഥിരപ്പെടുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരിൽ നിക്ഷിപ്തമാണ്.

| | | |
|---|---|---|
| **ലേല തിയതി, സമയം** | :- | **18/02/2025 ചൊവ്വാഴ്ച, പകൽ 11.30 മണിയ്ക്ക്.** |
| **സ്ഥലം** | :- | **മിനി വ്യവസായ എസ്റ്റേറ്റ്, ഉടുമ്പന്നൂർ.** |
| **നിരതദ്രവ്യം** | :- | **1,000/- രൂപ.** |

കൂടുതൽ വിവരങ്ങൾക്ക് 9400179553 എന്ന നമ്പരിലോ 04862 235410 എന്ന നമ്പരിലോ വിളിക്കാവുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രം,
ഇടുക്കി.

ഒപ്പ്.
ജൂനിയർ സഹകരണ ഇൻസ്പെക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.21 04:56:33 +05:30